# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 746** **09.08.2017-ൽ മറുപടിയ്ക്ക്**

## കുറ്റിക്കോലിൽ ഹോസ്റ്റൽ കെട്ടിടം

**ചോദ്യം**
ശ്രീ.കെ.കുഞ്ഞിരാമൻ

**മറുപടി**
ശ്രീ.എ.കെ.ബാലൻ
(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)

| ചോദ്യം | | മറുപടി | |
|---|---|---|---|
| എ) | കാസർഗോഡ് ജില്ലയിലെ കുറ്റിക്കോലിൽ ആൺകുട്ടികൾക്കായുള്ള പ്രീമെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലം അനുവദിച്ച് നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | എ) | കുറ്റിക്കോൽ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള പ്രീമെട്രിക് ഹോസ്റ്റൽ നിർമ്മാണത്തിനായി കാസറഗോഡ് ജില്ലയിൽ കുറ്റിക്കോൽ വില്ലേജിൽ 149/2 സർവ്വെ നമ്പരിലുള്ള 0.83 ഏക്കർ സ്ഥലം ലഭ്യമായിട്ടുണ്ട്. |
| ബി) | ഈ സ്ഥലത്ത് കെട്ടിടം നിർമ്മിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | ബി) | ഉണ്ട്. 22-10-16-ലെ സ.ഉ. (സാധാ) നം. 1581/16 പജപവവിവ നം. സർക്കാർ ഉത്തരവ് പ്രകാരം കിഫ്ബി മുഖേന ധനസമാഹരണം നടത്തി 5 കോടി രൂപ ചെലവിൽ ടി ഹോസ്റ്റൽ നിർമ്മാണം നടത്തുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ടി നിർമ്മാണത്തിന്റെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| സി) | എങ്കിൽ കെട്ടിടം നിർമ്മിക്കുന്നതിനായി ബന്ധപ്പെട്ടവർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | സി) | കിഫ്ബിയുടെ 28-ാമത് ബോർഡ് മീറ്റിംഗിൽ ടി പദ്ധതിയുടെ ഡി.പി.ആർ-ന് ഉപാധികളോടെ അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്- കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നും പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഐ.ടി.ഐകൾ എന്നിവയുടെ നിർമ്മാണത്തിനും നവീകരണത്തിനുമുള്ള ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1581/2016/പജ.പവ.വിവ തിരുവനന്തപുരം, തീയതി: 22.10.2016**

---

പരാമർശം : - പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടറുടെ 23.09.2016-ലെ ഡി1-17282/16 നമ്പർ കത്ത്.

**ഉത്തരവ്**

കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡിൽ നിന്നും (KIIFB) നിന്നും ഫണ്ട് ലഭ്യമാക്കി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള താഴെ കൊടുത്തിരിക്കുന്ന ഹോസ്റ്റലുകളുടെയും, എം.ആർ.എസ് കളുടെയും നിർമ്മാണം, തൊഴിലധിഷ്ഠിത സ്ഥാപനത്തിന്റെ നവീകരണം എന്നിവ നടപ്പിലാക്കാനും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ചുകൊണ്ടും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി ഭരണാനുമതി നൽകണമെന്നും പരാമർശ പ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ആകെ തുക (കോടി) |
|---|---|---|
| **എം.ആർ.എസ്** | | |
| 1 | എം.ആർ.എസ്.ആറളം, കണ്ണൂർ | 25 |
| 2 | എം.ആർ.എസ്. കുറ്റിച്ചൽ, നെടുമങ്ങാട് | 25 |
| | **ആകെ** | **50** |
| **പ്രീമെട്രിക് ഹോസ്റ്റൽ** | | |
| 1 | പ്രീമെട്രിക് ഹോസ്റ്റൽ, ബേഡഡുക്ക, (ഗേൾസ്) കാസറഗോഡ് | 5 |
| 2 | പ്രീമെട്രിക് ഹോസ്റ്റൽ, കുറ്റിക്കോൽ, (ബോയ്സ്) കാസറഗോഡ് | 5 |
| 3 | പ്രീമെട്രിക് ഹോസ്റ്റൽ (ഗേൾസ്), അച്ചൻകോവിൽ, കൊല്ലം | 5 |
| 4 | പ്രീമെട്രിക് ഹോസ്റ്റൽ, (ഗേൾസ്) നെടുങ്കണ്ടം, ഇടുക്കി | 5 |

| | | |
|---|---|---|
| 5 | പ്രീമെട്രിക് ഹോസ്റ്റൽ, ഇടമലയാർ (ബോയ്സ്) എറണാകുളം | 5 |
| **ആകെ** | | **25** |
| **പോസ്റ്റ്മെട്രിക് ഹോസ്റ്റൽ** | | |
| 1 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, നേര്യമംഗലം, (ഗേൾസ്) എറണാകുളം | 5 |
| 2 | പോസ്റ്റ്മെട്രിക് ഹോസ്റ്റൽ, കോടാലിപ്പാറ, (ബോയ്സ്) കട്ടപ്പന , ഇടുക്കി | 5 |
| **ആകെ** | | **10** |
| **വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ** | | |
| 1 | വൊക്കേഷണൽ ട്രെയിനിംഗ് സെന്റർ, പൃത്തോടം, നാട്ടുകാണി | 10 |
| **ആകെ** | | **10** |
| 1 | യൂത്ത് ഹോസ്റ്റൽ, പാലോട് (മിക്സഡ്) | 5 |
| **ആകെ മൊത്തം** | | **100.00** |

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും കേരള ഇൻഫ്രാസ്ട്രക്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (KIIFB) വഴി പ്രസ്തുത പദ്ധതികൾക്ക് ഫണ്ട് ലഭ്യമാക്കി ഈ പദ്ധതികൾ നടപ്പിലാക്കുന്നതിനും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ ആയി നിശ്ചയിച്ച് കൊണ്ടും ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**വേണു.വി**
**പ്രിൻസിപ്പൽ സെക്രട്ടറി**

1. ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
3. അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
4. ധനകാര്യ വകുപ്പ്
5. ചീഫ് വികേന്ദ്രീകൃത ആസൂത്രണ വിഭാഗം, ആസൂത്രണ.ബോർഡ്, തിരുവനന്തപുരം
6. ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ&പി.ആർ.ഡി
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി /ഓഫീസ് സെക്ഷൻ

ഉത്തരവിൻ പ്രകാരം

Haripriya

സെക്ഷൻ ഓഫീസർ

Haripriya

സെക്ഷൻ ഓഫീസർ